(എഫ്) സമരവുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ഒന്നും നൽകിയിട്ടില്ല.

(ജി) ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(എച്ച്) കണക്കുകൾ ലഭ്യമല്ല.

(ഐ) കണക്കുകൾ ലഭ്യമല്ല.

മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കാൻ ധനസഹായം

157 (909) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്ക് എത്ര വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 1996 മുതൽ ഓരോ വർഷവും എത്ര വീടുകൾ വീതം അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1736.

(ബി)

വർഷം	വീടുകൾ
1996-97	125
1997-98	512
1998-99	391
1999-2000	509
2000-2001	199

വർക്കലയിലെ കൊഞ്ചുവളർത്തൽ കേന്ദ്രം

158 (914) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കലയിൽ കൊഞ്ചുവളർത്തൽ കേന്ദ്രത്തിന് വേണ്ടി എത്ര ഏക്കർ ഭൂമി വിലയ്ക്കെടുത്തിട്ടുണ്ടെന്നും എന്തുവില നൽകിവരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി നടപ്പാക്കാനുള്ള കാലതാമസം എന്തെന്ന് വിശദമാക്കാമോ ;

(സി) നിയമപരമായോ സാങ്കേതികമായോ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആ തടസ്സങ്ങൾ മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) തടസ്സങ്ങൾ മാറ്റാൻ സാദ്ധ്യമല്ലാത്തപക്ഷം ഈ ഭൂമിയിൽ തീരദേശവാസികൾക്ക് പ്രയോജനം ലഭിക്കുന്ന മറ്റ് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5.54 ഏക്കർ സ്ഥലം 'അഡാക്ക്' വിലയ്ക്കെടുത്തിട്ടുണ്ട്. ഇതിനായി 86.79 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) കുവൈറ്റ് സാമ്പത്തികസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിന് വിദേശ സാങ്കേതിക വിദഗ്ദരുടെ സഹായവും ആവശ്യമായിരുന്നു. എന്നാൽ കുവൈറ്റ് പദ്ധതിയുടെ കാലാവധി 31-3-1998-ൽ അവസാനിക്കുകയും സാമ്പത്തികസഹായം ലഭിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ തദ്ദേശ സാങ്കേതികവിദ്യ ഉപയോഗിച്ച് ചെമ്മീൻ കുഞ്ഞുൽപ്പാദനകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) നിയമതടസ്സങ്ങളൊന്നും നിലവിലില്ല. ചെമ്മീൻകുഞ്ഞ് ഉൽപ്പാദനത്തിനുള്ള "തള്ള ചെമ്മീനു"കളെ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം മുതലപ്പൊഴിയുടെ വികസനത്തോടുകൂടി പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

മാനവീയം സാംസ്കാരികമിഷൻ

158 (917) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം സാംസ്കാരിക മിഷൻ ഔപചാരികമായി ആരംഭിച്ചതെന്നാണ് ;

(ബി) ഇത് എന്നവസാനിച്ചു ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു ; ഇവ എത്രമാത്രം സാക്ഷാത്കരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) മാനവീയത്തിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം കലാപരിപാടികൾ നടത്തിയതെന്നും എവിടെയെല്ലാം വച്ചാണ് ഇവ നടത്തിയതെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഏതെല്ലാം കലാകാരന്മാരാണ് ഈ കലാപരിപാടികൾ അവതരിപ്പിച്ചത് ; ഇവർക്ക് ഓരോരുത്തർക്കും എന്തു പ്രതിഫലം വീതം നൽകി ;

(എഫ്) ഈ കലാപരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി എന്തു ചിലവു വന്നു ;

(ജി) മാനവീയം സംഘാടകർക്ക് ടി. എ., ഡി. എ മറ്റു ചെലവുകൾ എന്നിവയിൽ എന്തു ചിലവു വന്നുവെന്ന് വ്യക്തമാക്കുമോ ;

(എച്ച്) പ്രസ്തുത കരാപരിപാടികൾ നടത്തുകവഴി സംസ്ഥാനത്ത് അവഗണിക്കപ്പെട്ടു കിടക്കുന്ന കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യം എത്ര മാത്രം നേടാൻ കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly